# FINAL ANSWER KEY

| | |
|---|---|
| Question Paper Code: | 43/2025/OL |
| Category Code: | 073/2024 |
| Exam: | LDC/Time Keeper/Computer Programmer |
| Date of Test | 22-04-2025 |
| Department | Kerala Water Authority |
| Language: | Malayalam |

Question1:-Whose autobiography is "Stumped, Life behind and beyond Twenty Two Yards".
''സ്റ്റംപ്ഡ്, ലൈഫ് ബിഹൈൻറ് ആൻറ് ബിയോൺഡ്, ട്വൻറി ടൂ യാർഡ്സ്'' - ഇത് ആരുടെ ആത്മകഥയാണ്?

A:-Mahendra Singh Dhoni
മഹേന്ദ്രസിംഗ് ധോണി

B:-Syed Kirmani
സയിദ് കിർമാനി

C:-Nayan Mongia
നയൻ മോംഗിയ

D:-Kiran More
കിരൺ മോറെ

Correct Answer:- Option-B

Question2:-"I too had a dream" is the autobiography of
''ഐ റ്റൂ ഹാഡ് എ ഡ്രീം'' ഇത് ആരുടെ ആത്മകഥയാണ്?

A:-Dr. S. Somanath
ഡോ. എസ്. സോമനാഥ്

B:-Dr. A P J Abdul Kalam
ഡോ. എ.പി.ജെ. അബ്ദുൽ കലാം

C:-Dr. Varghese Kurian
ഡോ. വർഗ്ഗീസ് കുര്യൻ

D:-Dr. K.M. Cherian
ഡോ. കെ.എം. ചെറിയാൻ

Correct Answer:- Option-C

Question3:-Who among the following was incharge of a referundum conducted in Ponnani Taluk as part of Guruvayoor Sathyagraha?
ഗുരുവായൂർ സത്യാഗ്രഹത്തിൻറെ ഭാഗമായി പൊന്നാനി താലൂക്കിൽ സംഘടിപ്പിച്ച ജനഹിത പരിശോധനയ്ക്ക് നേതൃത്വം വഹിച്ചത് ആരാണ്?

A:-K. Kelappan
കെ. കേളപ്പൻ

B:-C Rajagopalachari
സി. രാജഗോപാലാചാരി

C:-T. Prakasham

ടി. പ്രകാശം

D:-T. K. Madhavan

ടി.കെ. മാധവൻ

Correct Answer:-Question Cancelled

Question4:-Kathakali is said to have originated from which of the following dance forms?

താഴെ സൂചിപ്പിച്ച നൃത്തകലകളിൽ ഏതിൽ നിന്നാണ് കഥകളി ഉത്ഭവിച്ചത്?

A:-Mohiniyattam

മോഹിനിയാട്ടം

B:-Koodiyattom

കൂടിയാട്ടം

C:-Ramanattam

രാമനാട്ടം

D:-Krishnanattam

കൃഷ്ണനാട്ടം

Correct Answer:- Option-C

Question5:-Which among the following women leaders was a member of Constituent Assembly which framed the Constitution of India?

ഭരണഘടന നിർമ്മാണ സഭയിലെ അംഗമായി പ്രവർത്തിച്ചത് താഴെ പറയുന്നവരിൽ ഏത് വനിതാ നേതാവാണ്?

A:-Arya Pallam

ആര്യ പള്ളം

B:-Accamma Cherian

അക്കാമ്മ ചെറിയാൻ

C:-A V Kuttimalu Amma

എ.വി. കുട്ടിമാളു അമ്മ

D:-Dakshayani Velayudhan

ദാക്ഷായനി വേലായുധൻ

Correct Answer:- Option-D

Question6:-Freedom Fighter of India, Who is known as the "Prince of Patriots"?

''ദേശസ്നേഹികളിലെ രാജകുമാരൻ'' എന്ന് അറിയപ്പെട്ടിരുന്ന സ്വാതന്ത്ര്യസമര സേനാനി ആരാണ്?

A:-Bhagat Singh

ഭഗത് സിംഗ്

B:-Chandrasekhar Azad

ചന്ദ്രശേഖർ ആസാദ്

C:-Subhash Chandra Bose

സുഭാഷ് ചന്ദ്രബോസ്

D:-Sukhdev

സുഖ്ദേവ്

Correct Answer:- Option-C

Question7:-Considering the given list, which one falls in the category of Jovian Planet?

താഴെ തന്നിരിക്കുന്നവയിൽ നിന്നും ജോവിയൻ ഗ്രഹങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്താവുന്നതിനെ കണ്ടെത്തുക

A:-Mercury

ബുധൻ

B:-Mars

ചൊവ്വ

C:-Jupiter

വ്യാഴം

D:-Earth

ഭൂമി

Correct Answer:- Option-C

Question8:-Which planetary wind blows from the sub-tropical high-pressure belt to the sub-polar low-pressure belt?

ഉപോഷ്ണ ഉച്ചമർദ്ദ മേഖലയിൽ നിന്നും ഉപധ്രുവീയ നിമ്നമർദ്ദ മേഖലയിലേയ്ക്ക് വീശുന്ന ആഗോള വാതം ഏതെന്നു കണ്ടെത്തുക

A:-NE Trade winds

വടക്കുകിഴക്കൻ വാണിജ്യ വാതകങ്ങൾ

B:-SE Trade winds

തെക്കുകിഴക്കൻ വാണിജ്യ വാതകങ്ങൾ

C:-The Westerlies

പടിഞ്ഞാറൻ വാതകങ്ങൾ

D:-Polar Easterlies

ധ്രുവീയ കിഴക്കൻ വാതകങ്ങൾ

Correct Answer:- Option-C

Question9:-Arrange the following mountain passes in their descending order of altitude from the mean sea level :

(i) Burja La
(ii) Fotu La
(iii) Bara Lacha La
(iv) Zoji La

താഴെ തന്നിരിക്കുന്ന പർവ്വത-ചുരങ്ങളെ സമുദ്രനിരപ്പിൽ നിന്നുമുള്ള ഉയരത്തിനനുസരിച്ച് അവരോഹണ ക്രമത്തിൽ വിന്യസിക്കുക.

(i) ബുർജി-ലാ
(ii) ഫോട്ടു-ലാ
(iii) ബാരാ-ലാച്ചാ-ലാ
(iv) സോജി-ലാ

A:-(i)-(iii)-(iv)-(ii)

(i)-(iii)-(iv)-(ii)

B:-(iii)-(i)-(ii)-(iv)

(iii)-(i)-(ii)-(iv)

C:-(ii)-(i)-(iii)-(iv)

(ii)-(i)-(iii)-(iv)

D:-(ii)-(i)-(iv)-(iii)

(ii)-(i)-(iv)-(iii)

Correct Answer:- Option-B

Question10:-Neeleswaram of Kasaragod district in Kerala is known for the presence

of which one of the following mineral deposits?
താഴെപ്പറയുന്ന ധാതുക്കളിൽ ഏതിൻറെ നിക്ഷേപമാണ് കേരളത്തിലെ കാസർഗോഡ് ജില്ലയിലെ നീലേശ്വരത്തു കാണപ്പെടുന്നത്?

A:-Bauxite
ബോക്സൈറ്റ്

B:-China Clay
ചൈനാ ക്ലേ

C:-Silica Sand
സിലിക്കാ മണൽ

D:-Lime Stone
ചുണ്ണാമ്പ് കല്ല്

Correct Answer:- Option-A

Question11:-The famous Chilika Lake is located in which of the following state?
പ്രസിദ്ധമായ ചിലിക്കാ തടാകം സ്ഥിതിചെയ്യുന്ന സംസ്ഥാനം കണ്ടെത്തി രേഖപ്പെടുത്തുക.

A:-Odisha
ഒഡീഷ

B:-Karnataka
കർണ്ണാടക

C:-West Bengal
പശ്ചിമ ബംഗാൾ

D:-Tamil Nadu
തമിഴ്നാട്

Correct Answer:- Option-A

Question12:-On a map, the scale is given as a statement, '1 cm represents 2 km on the ground'. Which of the following fractional scales correctly represents this statement?
ഒരു ഭൂപടത്തിൽ തോത് ''1 സെൻറീമീറ്റർ 2 കിലോമീറ്ററിനെ സൂചിപ്പിക്കുന്നു'' എന്ന് പ്രസ്താവിച്ചിരിക്കുന്നു. താഴെപ്പറയുന്ന ഏതു അംശബന്ധ തോത് രീതിയാണ് പ്രസ്താവനയെ ശരിയായി പ്രതിനിധാനം ചെയ്യുന്നത്.

A:-1 : 2,000
1 : 2,000

B:-1 : 20,000
1 : 20,000

C:-1 : 200,000
1 : 200,000

D:-1 : 2,000,000
1 : 2,000,000

Correct Answer:- Option-C

Question13:-The development strategy of India since 1990's focused greater reliance on _________.
1990-കൾക്ക് ശേഷം ഇന്ത്യയുടെ വികസനതന്ത്രം കൂടുതൽ ആശ്രയിച്ചിരുന്നത് ഏത് നയത്തിലാണ്?

A:-Market Mechanism and Private Sector
വിപണി യാന്ത്രികതയും സ്വകാര്യ മേഖലയുടെ പങ്കാളിത്തവും

B:-Planning and Social Sector Spending

ആസൂത്രണവും സാമൂഹിക മേഖലയിൽ ചെലവിടലും

C:-Investment in Public Sector Units

പൊതു മേഖലാ സ്ഥാപനങ്ങളിലെ നിക്ഷേപം

D:-Market intervention by the Government

സർക്കാരിൻറെ വിപണി ഇടപെടൽ

Correct Answer:- Option-A

Question14:-The impact and the incidence of a tax are borne by different entities; is true in the case of which among the following tax?

ഒരു നികുതിയുടെ ഭാരം (പ്രഭാവവും ബാധയും) വ്യത്യസ്തമായ സ്ഥാപനങ്ങൾ അനുഭവിക്കുന്നത് താഴെപ്പറയുന്ന ഏതു നികുതിയിലാണ്?

A:-Direct Tax

പ്രത്യക്ഷ നികുതി

B:-Indirect Tax

പരോക്ഷ നികുതി

C:-Personal Income Tax

വ്യക്തിഗത വരുമാന നികുതി

D:-Corporate Taxes

കോർപ്പറേറ്റ് നികുതി

Correct Answer:- Option-B

Question15:-Dr. M S Swaminathan was an advocate of "Evergreen Revolution", which stood for ________.

ഡോ. എം.എസ്. സ്വാമിനാഥൻ ''എവർഗ്രീൻ വിപ്ലവത്തിന്'' വേണ്ടി വാദിച്ചിരുന്നതായി അറിയപ്പെടുന്നു, അതിന് അദ്ദേഹം മുന്നോട്ട് വച്ച നിർദ്ദേശം ഏതാണ്?

A:-IAAP-IADP-HYVP

ഐഎഎപി-ഐഎഡിപി-എച്ച് വൈവിപി

B:-Seed-Water-Fertilizer Strategy

വിത്ത്-ജലം-രാസവളം ഉപയോഗം

C:-Environmentally Sustainable Agriculture, Sustainable Food Security and Preservation of Biodiversity

പരിസ്ഥിതി സൗഹൃദമായ കൃഷി, സ്ഥിരതയുള്ള ആഹാര സുരക്ഷ, ജൈവവൈവിധ്യം സംരക്ഷിക്കൽ

D:-Contract farming as the key modus operandi

കരാർ കൃഷിയെ പ്രധാന പ്രവർത്തനരീതിയാക്കി ഉയർത്തൽ

Correct Answer:- Option-C

Question16:-Which tax in India is commonly referred to as the Google Tax?

ഇന്ത്യയിൽ ''ഗൂഗിൾ നികുതി'' എന്നറിയപ്പെടുന്ന നികുതി ഏതാണ്?

A:-Securities Transaction Tax

സെക്യൂരിറ്റീസ് ഇടപാട് നികുതി

B:-Anti-dumping Duty

ആൻറി ഡമ്പിങ് തീരുവ

C:-Equalisation Levy

ഈക്വലൈസേഷൻ ലെവി

D:-Import Duty
ഇറക്കുമതി തീരുവ

Correct Answer:- Option-C

Question17:-Which are the current GST rate structure in India?
ഇന്ത്യയിലെ നിലവിലെ ജി.എസ്.ടി. നിരക്കുകൾ ഏതാണ്?

A:-0%, 10%, 12%, 20% and 28%
0%, 10%, 12%, 20% and 28%

B:-0%, 5%, 15%, 18% and 25%
0%, 5%, 15%, 18% and 25%

C:-0%, 5%, 10%, 15% and 25%
0%, 5%, 10%, 15% and 25%

D:-0%, 5%, 12%, 18% and 28%
0%, 5%, 12%, 18% and 28%

Correct Answer:- Option-D

Question18:-Which among the following is a trading platform created by the government of India, with an objective of "One Nation and Market" for agriculture crops in India?
ഇന്ത്യയിലെ കാർഷിക ഉത്പന്നങ്ങൾക്കായി ''ഒരു രാജ്യം, ഒരു വിപണി'' എന്ന ലക്ഷ്യത്തോടെ ഇന്ത്യൻ സർക്കാർ സൃഷ്ടിച്ച വ്യാപാര പ്ലാറ്റ്ഫോം ഏതാണ്?

A:-E-NAM
ഈ-നാമ് (E-NAM)

B:-Mandis
മണ്ഡികൾ

C:-Agricultural Co-operative Societies
കാർഷിക സഹകരണ സംഘങ്ങൾ

D:-Farmer Producer Organizations
കർഷക ഉത്പാദക സംഘടനകൾ (FPOs)

Correct Answer:- Option-A

Question19:-Which fundamental right guaranteed by the Indian Constitution is associated with the principles of double jeopardy, ex post facto, and protection against self-incrimination?
കുറ്റം ചെയ്ത കാലത്ത് പ്രാബല്യത്തിലുള്ള നിയമപ്രകാരം മാത്രമേ കുറ്റവിധേയനെ ശിക്ഷിക്കാവൂ, ഒരു കുറ്റത്തിന് നിയമപ്രകാരം ഒരു തവണ മാത്രം ശിക്ഷ, കുറ്റാരോപിതനെ അയാൾക്കെതിരെ സാക്ഷി ആക്കരുത് എന്നീ തത്വങ്ങൾ ഇന്ത്യൻ ഭരണഘടന ഉറപ്പ് നൽകുന്ന ഏതു മൗലിക അവകാശവുമായി ബന്ധപ്പെട്ടതാണ്?

A:-Article 19
അനുച്ഛേദം 19

B:-Article 20
അനുച്ഛേദം 20

C:-Article 21
അനുച്ഛേദം 21

D:-Article 22
അനുച്ഛേദം 22

Correct Answer:- Option-B

Question20:-The Constitution (92nd Amendment) Act, 2003 amends the Eighth Schedule to the Constitution to include which of the following languages?
(1) Bodo
(2) Maithili
(3) Santhali
(4) Nepali
Select the correct answer using the code given below:
2003 ലെ ഭരണഘടന (92-ാം ഭേദഗതി) നിയമം, ഭരണഘടനയുടെ എട്ടാം ഷെഡ്യൂൾ ഭേദഗതി ചെയ്ത് താഴെപ്പറയുന്നവയിൽ ഏതെല്ലാം ഭാഷകളെ ഉൾപ്പെടുത്തി?
(1) ബോഡോ
(2) മൈഥിലി
(3) സന്താളി
(4) നേപ്പാളി
താഴെ കൊടുത്തിരിക്കുന്ന കോഡ് ഉപയോഗിച്ച് ശരിയായ ഉത്തരം തിരഞ്ഞെടുക്കുക.

A:-(1), (2) and (3)
(1), (2), (3) മാത്രം

B:-(1), (2) and (4)
(1), (2), (4) മാത്രം

C:-(1), (3) and (4)
(1), (3), (4) മാത്രം

D:-(2), (3) and (4)
(2), (3), (4) മാത്രം

Correct Answer:- Option-A

Question21:-Consider the following Fundamental Duties of Indian citizens as per the Constitution of India
(1) Respect the National Flag and National Anthem
(2) To cast a vote in elections
(3) To develop scientific temper
(4) To safeguard public property and to abjure violence
Which of the statements given above is/are correct?
ഭാരതീയ ഭരണഘടന പ്രകാരം ഇന്ത്യൻ പൗരന്മാരുടെ മൗലിക കടമകൾ താഴെപ്പറയുന്നവയിൽ ഉൾപ്പെടുന്നുണ്ടോയെന്നു പരിഗണിക്കു.
(1) ദേശീയപതാകയെയും ദേശീയഗാനത്തെയും ബഹുമാനിക്കുക
(2) തിരഞ്ഞെടുപ്പുകളിൽ വോട്ട് രേഖപ്പെടുത്തുക
(3) ശാസ്ത്രീയ മനോഭാവം വളർത്തുക
(4) പൊതുസ്വത്ത് സംരക്ഷിക്കുകയും അക്രമം ഉപേക്ഷിക്കുകയും ചെയ്യുക
മുകളിൽ നൽകിയിരിക്കുന്ന പ്രസ്താവനകളിൽ ഏതാണ് ശരി?

A:-(1), (2) and (3)
(1), (2), (3) മാത്രം

B:-(1), (2) and (4)
(1), (2), (4) മാത്രം

C:-(1),(3) and (4)
(1), (3), (4) മാത്രം

D:-All the above are correct
മുകളിൽ നൽകിയിരിക്കുന്ന എല്ലാ പ്രസ്താവനകളും ശരിയാണ്

Correct Answer:- Option-C

Question22:-The proclamation of National Emergency ceases to operate unless approved by the Parliament within _________.
എത്ര കാലത്തിനുള്ളിൽ പാർലമെൻറ് അംഗീകരിച്ചില്ലെങ്കിൽ ദേശീയ അടിയന്തരാവസ്ഥ പ്രഖ്യാപനം പ്രാബല്യത്തിൽ വരില്ല?

A:-One month
ഒരു മാസം

B:-Two months
രണ്ട് മാസം

C:-Three months
മൂന്ന് മാസം

D:-Six months
ആറ് മാസം

Correct Answer:- Option-A

Question23:-Consider the following statements regarding the Right to Property guaranteed by the Indian Constitution
(1) The 44th Amendment Act abolished the right to property as a fundamental right.
(2) The Right to Property is now a legal right under Article 300A.
(3) It protects private property against executive action but not against legislative action.
(4) When the state acquires the property of a minority educational institution, compensation must be paid.
Which of the statements given above is/are correct?
ഇന്ത്യൻ ഭരണഘടന ഉറപ്പ് നൽകുന്ന സ്വത്തവകാശത്തെക്കുറിച്ചുള്ള താഴെപ്പറയുന്ന പ്രസ്താവനകൾ പരിഗണിക്കുക.
(1) 44-ാം ഭരണഘടന ഭേദഗതി നിയമം സ്വത്തവകാശത്തെ മൗലിക അവകാശങ്ങളിൽ നിന്ന് ഒഴിവാക്കി.
(2) ആർട്ടിക്കിൾ 300 A പ്രകാരം സ്വത്തവകാശം ഇപ്പോൾ നിയമപരമായ അവകാശമാണ്.
(3) ഇത് എക്സിക്യൂട്ടീവ് നടപടികളിൽ നിന്ന് സ്വകാര്യസ്വത്തിനെ സംരക്ഷിക്കുന്നു, പക്ഷേ നിയമനിർമ്മാണ നടപടികളിൽ നിന്ന് സംരക്ഷിക്കുന്നില്ല
(4) ഒരു ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനത്തിൻറെ സ്വത്ത് സംസ്ഥാനം ഏറ്റെടുക്കുമ്പോൾ നഷ്ടപരിഹാരം നൽകണം
മുകളിൽ നൽകിയിരിക്കുന്ന പ്രസ്താവനകളിൽ ഏതാണ് ശരി?

A:-(1) and (2)
(1), (2) മാത്രം

B:-(1), (2) and (3)
(1), (2), (3) മാത്രം

C:-(1), (2) and (4)
(1), (2), (4) മാത്രം

D:-All the above are correct
മുകളിൽ നൽകിയിരിക്കുന്ന എല്ലാ പ്രസ്താവനകളും ശരിയാണ്

Correct Answer:- Option-D

Question24:-Which Constituency in Kerala was set to become the state's first dispute-free constituency with the launch of a permanent Gram Nyayalaya (Village Court) Adalat in January 2025?
2025 ജനുവരിയിൽ സ്ഥിരം ഗ്രാമന്യായാലയ (ഗ്രാമ കോടതി), അദാലത്ത് അരംഭിച്ചതോടെ സംസ്ഥാനത്തെ ആദ്യത്തെ തർക്കരഹിത നിയോജകമണ്ഡലമായി മാറാൻ പോകുന്ന മണ്ഡലം ഏതാണ്?

A:-Taliparamba
തളിപ്പറമ്പ്

B:-Kalpetta
കൽപ്പറ്റ

C:-Vamanapuram
വാമനപുരം

D:-Thrithala
തൃത്താല

Correct Answer:- Option-C

Question25:-Which is/are the functions of the Kerala State Commission for Women?
(i) Monitors laws concerning women
(ii) Ensuring women's protection and equality
(iii) Addressing complaints related to women's rights violations
(iv) Implementing government policies on women's welfare
കേരള സംസ്ഥാന വനിതാ കമ്മീഷൻറെ പ്രവർത്തനങ്ങൾ ഏതൊക്കെയാണ്?
(i) സ്ത്രീകളെ സംബന്ധിച്ച നിയമങ്ങൾ നിരീക്ഷിക്കുന്നു
(ii) സ്ത്രീകളുടെ സംരക്ഷണവും സമത്വവും ഉറപ്പാക്കുന്നു
(iii) സ്ത്രീകളുടെ അവകാശ ലംഘനവുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നു
(iv) സ്ത്രീകളുടെ ക്ഷേമത്തിനായുള്ള സർക്കാർ നയങ്ങൾ നടപ്പിലാക്കുന്നു

A:-(i) and (ii)
(i) & (ii)

B:-(i), (ii) and (iii)
(i), (ii) & (iii)

C:-(ii) and (iii)
(ii) & (iii)

D:-All the above
മുകളിൽ പറയുന്ന എല്ലാ പ്രവർത്തനങ്ങളും

Correct Answer:- Option-D

Question26:-Who is the head of the Lokayukta at the state level?
സംസ്ഥാനതലത്തിൽ ലോകായുക്തയുടെ മേധാവി ആര്?

A:-Governor of the State
സംസ്ഥാന ഗവർണ്ണർ

B:-Chief Minister of the State
സംസ്ഥാന മുഖ്യമന്ത്രി

C:-A retired Chief Secretary
വിരമിച്ച ചീഫ് ജസ്റ്റീസ്

D:-A retired Chief Justice or Judge of a High Court
വിരമിച്ച ചീഫ് ജസ്റ്റീസ് അല്ലെങ്കിൽ ഹൈക്കോടതി ജഡ്ജി

Correct Answer:- Option-D

Question27:-The Act/Scheme/Policy under which the Kerala State Elderly Commission established?
കേരള സംസ്ഥാന മുതിർന്ന പൗരന്മാരുടെ കമ്മീഷൻ ഏത് നിയമം/പദ്ധതി/നയത്തിന് കീഴിലാണ് സ്ഥാപിക്കപ്പെട്ടത്?

A:-Kerala State Elderly Commission Act
കേരള സംസ്ഥാന മുതിർന്ന പൗരന്മാരുടെ കമ്മീഷൻ നിയമം

B:-Vayoraksha Scheme for Senior Citizens
മുതിർന്ന പൗരന്മാർക്ക് വേണ്ടിയുള്ള വയോരക്ഷ പദ്ധതി

C:-Kerala Senior Citizens Welfare Act
കേരള മുതിർന്ന പൗരന്മാരുടെ ക്ഷേമ നിയമം

D:-Kerala State Palliative Care Policy
കേരള സംസ്ഥാന ശുശ്രൂഷ പരിപാലന നയം

Correct Answer:- Option-A

Question28:-The government agency which is primarily incharge for Watershed Management in Kerala
കേരളത്തിൽ വാട്ടർഷെഡ് മാനേജ്മെൻറായി മുഖ്യമായും ചുമതലപ്പെട്ട സർക്കാർ ഏജൻസി ഏതാണ്?

A:-Geological Survey of India
ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ

B:-Directorate of Environment and Climate Change
പരിസ്ഥിതി കാലാവസ്ഥ മാറ്റ ഡയറക്ടറേറ്റ്

C:-Kerala Water Authority
കേരള വാട്ടർ അതോറിറ്റി

D:-Department of Soil Survey and Conservation Kerala
മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്

Correct Answer:- Option-D

Question29:-Among the techniques that is commonly used for water conservation in Kerala's watershed management programs, which one in the following is not preferred due to peculiar geographical conditions of Kerala?
കേരളത്തിലെ വാട്ടർഷെഡ് മാനേജ്മെൻറ് പദ്ധതികളിൽ ജലസംരക്ഷണത്തിനായി സാധാരണയായി ഉപയോഗിക്കുന്ന സാങ്കേതികവിദ്യകളിൽ, പ്രത്യേക ഭൗമഭൗതിക സാഹചര്യങ്ങളാൽ ഏതാണ് മുൻഗണന നൽകാത്തത്?

A:-Check dams
ചെക്ക് ഡാമുകൾ

B:-Borewell Recharge Shafts
ബോർവെൽ റീചാർജ്ജ് ഷാഫ്റ്റുകൾ

C:-Farm Ponds
ഫാം പോണ്ട്

D:-Percolation pits
പെർക്കൊലേഷൻ പിറ്റുകൾ

Correct Answer:- Option-B

Question30:-Which is not true about Mahatma Gandhi National Rural Employment Programme (MNREGA) in Kerala?
മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (MNREGA) സംബന്ധിച്ച് കേരളത്തിൽ ശരിയല്ലാത്തത് ഏതാണ്?

A:-Gram Panchayats is responsible for MGNREGA implementation
എംജി എൻആർഇജിഎ യുടെ നടപ്പാക്കലിന് ഗ്രാമപഞ്ചായത്തുകൾ ഉത്തരവാദികളാണ്

B:-Women, Scheduled Castes (SC), Scheduled Tribes (ST) and differently-abled

persons get special priority under MGNREGA in Kerala
സ്ത്രീകൾ, പട്ടികജാതികൾ (SC), പട്ടിക വർഗ്ഗങ്ങൾ (ST), വ്യത്യസ്ത ശേഷിയുള്ള വ്യക്തികൾ എന്നിവർക്ക് കേരളത്തിൽ എംജിഎൻആർഇജിയിൽ പ്രത്യേക മുൻഗണന ലഭിക്കുന്നു

C:-Lack of skilled workers is a challenge faced by MGNREGA implementation in Kerala
നിപുണ തൊഴിലാളികളുടെ അഭാവം കേരളത്തിലെ എംജിഎൻആർഇജി നടപ്പാക്കലിന് നേരിടുന്ന ഒരു വെല്ലുവിളിയാണ്

D:-The Central and State Governments shared the funds required for MGNREGA
എംജിഎൻആർഇജി-ക്ക് ആവശ്യമായ ഫണ്ട് കേന്ദ്ര, സംസ്ഥാന സർക്കാരുകൾ പങ്കുവയ്ക്കുന്നു

Correct Answer:- Option-C

Question31:-The name of the initiative launched in Kerala to automate human resource management in the government sector
കേരളത്തിൽ സർക്കാർ മേഖലയിലെ മനുഷ്യവിഭവശേഷി മാനേജ്മെൻറ്  ഓട്ടോമേറ്റ് ചെയ്യാൻ ആരംഭിച്ച പദ്ധതിയുടെ പേര് ഏതാണ്?

A:-SPARK
സ്പാർക്ക്

B:-KSWAN
കെഎസ്ഡബ്ല്യുഎഎൻ

C:-e-Office
ഇ-ഓഫീസ്

D:-e-Seva
ഇ-സേവ

Correct Answer:- Option-A

Question32:-Which Committee of the Kerala Legislative Assembly reviews, rules and regulations under delegated legislation?
കേരള നിയമസഭയിലെ ഏത് കമ്മിറ്റിയാണ് പ്രതിനിധാന നിയമനിർമ്മാണത്തിന് (delegated legislation) കീഴിലെ നിയമങ്ങളും ചട്ടങ്ങളും പരിശോധിക്കുന്നത്?

A:-Public Accounts Committee
പബ്ലിക് അക്കൌണ്ട്സ് കമ്മിറ്റി

B:-Committee on Subordinate Legislation
കമ്മിറ്റി ഓൺ സബോഡിനേറ്റ് ലെജിസ്ലേഷൻ

C:-Finance Committee
ഫിനാൻസ് കമ്മിറ്റി

D:-Law Reforms Committee
നിയമ പരിഷ്കരണ കമ്മിറ്റി

Correct Answer:- Option-B

Question33:-The safeguards against Administrative Arbitrariness is included in which Article of the Indian Constitution?
ഭരണകൂടത്തിൻറെ ആജ്ഞാത്വത്തിന് (Administrative Arbitrariness) എതിരായ പ്രതിരോധങ്ങൾ ഇന്ത്യൻ ഭരണഘടനയിലെ ഏതു അനുച്ഛേദത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്?

A:-Article 14
അനുച്ഛേദം 14

B:-Article 19
അനുച്ഛേദം 19

C:-Article 51A
അനുച്ഛേദം 51 A

D:-Article 360
അനുച്ഛേദം 360

Correct Answer:-Question Cancelled

Question34:-Name the Writ is issued by the Supreme Court when a decision violates the Principles of Natural Justice
പ്രകൃത്യാ നീതിയുടെ സിദ്ധാന്തങ്ങൾ (Principles of Natural Justice) ലംഘിക്കുന്ന വിധിയെ ചോദ്യം ചെയ്യുന്നതിനായി സുപ്രീംകോടതി പുറപ്പെടുവിക്കുന്ന റിറ്റ് ഏതാണ്?

A:-Habeas Corpus
ഹേബിയസ് കോർപ്പസ്

B:-Mandamus
മാൻഡമസ്

C:-Prohibition
പ്രൊഹിബിഷൻ

D:-Certiorari
സെർട്ടിയോരരി

Correct Answer:- Option-D

Question35:-The country recently collaborated with India to develop the 'Trajan 155 mm towed artillery gun system'
'Trajan 155 mm towed artillery gun system' വികസിപ്പിക്കുന്നതിനായി ഇന്ത്യയുമായി സഹകരിച്ച രാജ്യം ഏതാണ്?

A:-Australia
ഓസ്ട്രേലിയ

B:-Japan
ജപ്പാൻ

C:-Russia
റഷ്യ

D:-France
ഫ്രാൻസ്

Correct Answer:- Option-D

Question36:-Which among the following vitamin promote absorption of calcium?
താഴെപ്പറയുന്നവയിൽ ഏത് വിറ്റാമിനാണ് കാൽസ്യം ആഗിരണം ചെയ്യാൻ സഹായിക്കുന്നത്?

A:-Vitamin C
വിറ്റാമിൻ സി

B:-Vitamin E
വിറ്റാമിൻ ഇ

C:-Vitamin D
വിറ്റാമിൻ ഡി

D:-Vitamin K
വിറ്റാമിൻ കെ

Correct Answer:- Option-C

Question37:-Total number of bones in an adult human body is
ഒരു മുതിർന്ന മനുഷ്യശരീരത്തിലെ ആകെ അസ്ഥികളുടെ എണ്ണം എത്ര?

A:-206
206

B:-226
226

C:-260
260

D:-266
266

Correct Answer:- Option-A

Question38:-Which essential micro-nutrient is required for the synthesis of thyroid hormone?
തൈറോയിഡ് ഹോർമോണിൻറെ സമന്വയത്തിന് ആവശ്യമായ അടിസ്ഥാന സൂക്ഷ്മപോഷകം ഏതാണ്?

A:-Iron
ഇരുമ്പ്

B:-Iodine
അയോഡിൻ

C:-Zinc
സിങ്ക്

D:-Selenium
സെലിനിയം

Correct Answer:- Option-B

Question39:-Which among the following is a major air pollutant?
താഴെപ്പറയുന്നവയിൽ ഏതാണ് ഒരു പ്രധാന വായുമലിനീകരണ ഘടകം?

A:-Hydrogen sulphide
ഹൈഡ്രജൻ സൾഫൈഡ്

B:-Nitrogen oxide
നൈട്രജൻ ഓക്സൈഡ്

C:-Carbon monoxide
കാർബൺ മോണോക്സൈഡ്

D:-Carbon dioxide
കാർബൺ ഡൈ ഓക്സൈഡ്

Correct Answer:- Option-C

Question40:-Human Papilloma Virus infection is a risk factor of
ഹ്യൂമൻ പാപ്പിലോമ വൈറസ് അണുബാധ ഏത് കാൻസറിന് കാരണമാകുന്ന അപകട ഘടകമാണ്?

A:-Colon Cancer
വൻകുടൽ കാൻസർ

B:-Breast Cancer
സ്തനാർബുദം

C:-Lung Cancer
ശ്വാസകോശാർബുദം

D:-Cervical Cancer
ഗർഭാശയഗള കാൻസർ

Correct Answer:- Option-D

Question41:-Which among the following is the causative organism of Syphilis?
താഴെപ്പറയുന്നവയിൽ ഏതാണ് സിഫിലിസിന് കാരണമാകുന്ന ജീവി?

A:-Treponema Pallidum
ട്രെപോണിമ പല്ലിഡം

B:-Trichomonas Vaginalis
ട്രൈക്കോമോണസ് വജിനാലിസ്

C:-Haemophilus ducrevi
ഹീമോഫിലസ് ഡ്യൂക്രേയി

D:-Neisseria Gonorrhoeae
നൈസേരിയ ഗൊണോറിയ

Correct Answer:- Option-A

Question42:-"VIVA Project" a Kerala Government initiative, launched in 2023 focuses on prevention and treatment of which disease?
2023 ൽ ആരംഭിച്ച കേരള സർക്കാർ സംരംഭമായ വിവ പ്രോജക്റ്റ് ഏത് രോഗത്തിൻറെ പ്രതിരോധത്തിലും ചികിസ്തയിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നു?

A:-Life style diseases
ജീവിതശൈലീരോഗങ്ങൾ

B:-Anemia
വിളർച്ച

C:-Depression
വിഷാദം

D:-Vitamin Deficiency Disorders
വിറ്റാമിൻ കുറവു മൂലമുണ്ടാകുന്ന രോഗങ്ങൾ

Correct Answer:- Option-B

Question43:-World Health Day Theme 2025, "Healthy beginnings, Hopeful Futures" focuses on
2025 ലെ, ലോകാരോഗ്യദിനപ്രമേയം - ''ആരോഗ്യകരമായ തുടക്കങ്ങൾ, പ്രതീക്ഷാജനകമായ ഭാവികൾ'' താഴെപ്പറയുന്നവയിൽ ഏതിനെ കേന്ദ്രീകരിച്ചാണ്?

A:-Mosquito borne diseases prevention and control
കൊതുകുകൾ വഴി പകരുന്ന രോഗങ്ങളുടെ പ്രതിരോധവും നിയന്ത്രണവും

B:-Mental Health and Well Being
മാനസികാരോഗ്യവും ക്ഷേമവും

C:-Elderly Health and Survival
പ്രായമായവരുടെ ആരോഗ്യവും  അതിജീവനവും

D:-Maternal and New-borne Health and Survival

മാതൃ-നവജാതശിശുക്കളുടെ ആരോഗ്യവും അതിജീവനവും

Correct Answer:- Option-D

Question44:-What is the full form of MOSDAC?
MOSDAC എന്നതിൻറെ പൂർണ്ണ രൂപം എന്ത്?

A:-Meteorological and Oceanographic Satellite Data Analysis Centre
Meteorological and Oceanographic Satellite Data Analysis Centre

B:-Meteorological Open Sources for Data Analysis Centre
Meteorological Open Sources for Data Analysis Centre

C:-Metal Oxide Semiconductor Digital Amplifier Circuit
Metal Oxide Semiconductor Digital Amplifier Circuit

D:-Meteorological and Oceanographic Satellite Data Archival Centre
Meteorological and Oceanographic Satellite Data Archival Centre

Correct Answer:- Option-D

Question45:-The correct arrangement of the following members of electromagnetic spectrum in the ascending order of energy.
Microwave - 1, Radio wave - 2, Visible - 3, UV - 4, $\gamma$ rays - 5, X-rays - 6, IR - 7
വൈദ്യുതകാന്തിക തരംഗ സ്പെക്ട്രത്തിലെ തന്നിരിക്കുന്ന അംഗങ്ങളെ അവയുടെ ഊർജ്ജത്തിൻറെ ആരോഹണക്രമത്തിലുള്ള ശരിയായ വിന്യാസം
മൈക്രോവേവ് - 1, റേഡിയോ തരംഗങ്ങൾ - 2, ദൃശ്യതരംഗങ്ങൾ - 3, യുവി - 4, ഗാമ റേകൾ - 5, എക്സ്-റേകൾ - 6, ഐ ആർ - 7

A:-1, 2, 7, 3, 4, 6, 5
1, 2, 7, 3, 4, 6, 5

B:-2, 1, 7, 3, 4, 6, 5
2, 1, 7, 3, 4, 6, 5

C:-2, 1, 4, 3, 7, 6, 5
2, 1, 4, 3, 7, 6, 5

D:-5, 6, 4, 3, 7, 1, 2
5, 6, 4, 3, 7, 1, 2

Correct Answer:- Option-B

Question46:-Which fundamental SI unit influences the definition of most of the other SI fundamental units?
അടിസ്ഥാന SI ഏകകങ്ങളിൽ, ഏതാണ് മറ്റുള്ള അടിസ്ഥാന SI ഏകകങ്ങളുടെ നിർവചനത്തെ ഏറ്റവും അധികം സ്വാധീനിക്കുന്നത്?

A:-Meter
മീറ്റർ

B:-Kilogram
കിലോഗ്രാം

C:-Second
സെക്കൻറ്

D:-Kelvin
കെൽവിൻ

Correct Answer:- Option-C

Question47:-Which among the following places in India where the value of

acceleration due to gravity is highest?
താഴെ കൊടുത്തിരിക്കുന്ന ഇന്ത്യയിലെ ഏത് സ്ഥലത്തിലാണ് ഗുരുത്വാകർഷണം മൂലമുള്ള ത്വരണം ഏറ്റവും കൂടുതൽ ഉള്ളത്?

A:-Delhi
ഡൽഹി

B:-Mumbai
മുംബൈ

C:-Thiruvananthapuram
തിരുവനന്തപുരം

D:-All have same acceleration due to gravity
എല്ലാ സ്ഥലത്തും ഗുരുത്വാകർഷണം മൂലമുള്ള ത്വരണം തുല്യമാണ്

Correct Answer:- Option-A

Question48:-What is the pH of a $1 \times 10^{-7.2}$
Molar aqueous Hydrochloric Acid Solution?
ജലത്തിൽ നേർപ്പിച്ച $1 \times 10^{-7.2}$
മോളാർ ഹൈഡ്രോക്ലോറിക് ആസിഡിൻറെ pH എത്രയാണ്?

A:-7
7

B:-7.2
7.2

C:-6.8
6.8

D:-None of these
ഇവയൊന്നുമല്ല

Correct Answer:- Option-A

Question49:-The quantum numbers for the valence electron of an element are given below :
n = 2, l = 0, m = 0, s = +1/2. The atom is _______
ഒരു മൂലകത്തിൻറെ ബാഹ്യ ഇലക്ട്രോണിൻറെ ക്വാണ്ടം നമ്പറുകൾ ചുവടെ തന്നിരിക്കുന്നു :
n = 2, l = 0, m = 0, S=+1/2. ഈ മൂലകം ________ ആണ്.

A:-Helium
ഹീലിയം

B:-Lithium
ലിഥിയം

C:-Beryllium
ബെറിലിയം

D:-Boron
ബോറോൺ

Correct Answer:- Option-B

Question50:-Which of the following gas can be liquified under high pressure and at 40°C?
താഴെ തന്നിരിക്കുന്നവയിൽ ഏത് വാതകമാണ് ഉയർന്ന മർദ്ദത്തിലും 40°C താപനിലയിലും ദ്രവീകരിക്കാൻ പറ്റുന്നത്?

A:-Nitrogen
നൈട്രജൻ

B:-Hydrogen
ഹൈഡ്രജൻ

C:-Oxygen
ഓക്സിജൻ

D:-Ammonia
അമോണിയ

Correct Answer:- Option-D

Question51:-Pyrolusite is the oxide ore of _________ metal.
ഏത് ലോഹത്തിൻറെ ഓക്സിജൻ അടങ്ങിയ അയിര് ആണ് പൈറോളുസൈറ്റ്?

A:-Iron
ഇരുമ്പ്

B:-Aluminium
അലുമിനിയം

C:-Zinc
സിങ്ക്

D:-Manganese
മാംഗനീസ്

Correct Answer:- Option-D

Question52:-Which among the following statements are correct with respect to Krishnanattam?
(i) Krishnanattam is the modified form of Ashtapathiyattam.
(ii) Manavedan Raja of Kozhikkode was the founder of Krishnanattam.
(iii) Manavedan Raja wrote Krishna Geethi.
(iv) Krishna Geethi was written on the model of Geetha Govindam of Jayadeva
താഴെപ്പറയുന്നവയിൽ കൃഷ്ണനാട്ടത്തെ കുറിച്ച് ശരിയായ പ്രസ്താവനകൾ ഏതെല്ലാം?
(i) അഷ്ടപദിയാട്ടത്തിൻറെ പരിഷ്കരിച്ച രൂപമാണ് കൃഷ്ണനാട്ടം
(ii) കോഴിക്കോട്ടെ മാനവേദൻ രാജാവാണ് കൃഷ്ണനാട്ടത്തിൻറെ ഉപജ്ഞാതാവ്
(iii) മാനവേദൻ രാജാവാണ് കൃഷ്ണഗീതി എന്ന കൃതി രചിച്ചത്
(iv) ജയദേവൻറെ ഗീതാഗോവിന്ദം എന്ന കൃതിയുടെ മാതൃകയിലാണ് കൃഷ്ണഗീതി രചിച്ചത്

A:-Only (i) and (iv)
(i), (iv) പ്രസ്താവനകൾ മാത്രം

B:-Only (i), (ii) and (iii)
(i), (ii), (iii) പ്രസ്താവനകൾ മാത്രം

C:-Only (i), (iii) and (iv)
(i), (iii), (iv) പ്രസ്താവനകൾ മാത്രം

D:-All the above (i), (ii), (iii) and (iv)
എല്ലാ പ്രസ്താവനകളും ((i), (ii), (iii) (iv))

Correct Answer:- Option-D

Question53:-Emiliano Martinez, who bagged the Best FIFA Men's Goalkeeper award for the year 2024, belongs to
2024-ലെ ഏറ്റവും നല്ല പുരുഷ ഗോൾകീപ്പർക്കുള്ള ഫിഫ അവാർഡ് നേടിയ എമിലിയാനോ മാർട്ടിനസ് ഏത

രാജ്യക്കാരനാണ്?

A:-Argentina
അർജൻറീന

B:-France
ഫ്രാൻസ്

C:-Brazil
ബ്രസീൽ

D:-Croatia
ക്രൊയേഷ്യ

Correct Answer:- Option-A

Question54:-Match the following characters and works and find out the correct answer from the choices given.
(a) Appukuttan (i) Pravachakante Vazhi
(b) Narayanan (ii) Keshavante Vilapangal
(c) Govindankutty (iii) Sundarikalum Sundaranmarum
(d) Irumban Govindan Nair (iv) Asuravithu
താഴെ കൊടുത്തിരിക്കുന്ന കഥാപാത്രങ്ങളുടെയും കൃതികളുടെയും പേരുകൾ താരതമ്യം ചെയ്ത് തന്നിരിക്കുന്നവയിൽ നിന്നും ശരിയായ ഉത്തരം കണ്ടെത്തുക
(a) അപ്പുക്കുട്ടൻ (i) പ്രവാചകൻറെ വഴി
(b) നാരായണൻ (ii) കേശവൻറെ വിലാപങ്ങൾ
(c) ഗോവിന്ദൻകുട്ടി (iii) സുന്ദരികളും സുന്ദരന്മാരും
(d) ഇരുമ്പൻ ഗോവിന്ദൻ നായർ (iv) അസുരവിത്ത്

A:-(a)-(i), (b)-(ii), (c)-(iii), (d)-(iv)
(a)-(i), (b)-(ii), (c)-(iii), (d)-(iv)

B:-(a)-(ii), (b)-(iii), (c)-(iv), (d)-(i)
(a)-(ii), (b)-(iii), (c)-(iv), (d)-(i)

C:-(a)-(iv), (b)-(ii), (c)-(i), (d)-(iii)
(a)-(iv), (b)-(ii), (c)-(i), (d)-(iii)

D:-(a)-(ii), (b)-(i), (c)-(iv), (d)-(iii)
(a)-(ii), (b)-(i), (c)-(iv), (d)-(iii)

Correct Answer:- Option-D

Question55:-M.T. Vasudevan Nair won the Jnanpith Award in the year
എം.ടി. വാസുദേവൻ നായർ ജ്ഞാനപീഠം അവാർഡ് നേടിയ വർഷം

A:-1984
1984

B:-1995
1995

C:-2007
2007

D:-2019
2019

Correct Answer:- Option-B

Question56:-The Nehru Trophy boat regatta is held in

നെഹ്റുട്രോഫി വള്ളംകളി നടക്കുന്നത്

A:-Ashtamudikayal

അഷ്ടമുടിക്കായൽ

B:-Punnamadakayal

പുന്നമടക്കായൽ

C:-Vembanattukayal

വേമ്പനാട്ടുകായൽ

D:-None of these

ഇതൊന്നുമല്ല

Correct Answer:- Option-B

Question57:-Which among the following statement/statements are not correct with respect to Pradhan Mantri Vidyalaxmi Scheme?
(i) It is a Scheme for providing financial assistance to students for higher studies.
(ii) The Scheme was launched in 2023.
(iii) NIRF rank of the Higher education institutions is considering for sanction of loan.
(iv) The Scheme provides collateral-free and guarantor-free education loans.
താഴെപ്പറയുന്നവയിൽ പ്രധാനമന്ത്രി വിദ്യാലക്ഷ്മി പദ്ധതിയുമായി ബന്ധപ്പെട്ട ശരിയല്ലാത്ത പ്രസ്താവന/പ്രസ്താവനകൾ ഏതെല്ലാം?
(i) ഇത് ഉന്നത വിദ്യാഭ്യാസത്തിനായി വിദ്യാർത്ഥികൾക്ക് ലോണുകൾ അനുവദിക്കുന്നതിനുള്ള പദ്ധതിയാണ്
(ii) 2023 ലാണ് ഈ പദ്ധതി ആരംഭിച്ചത്
(iii) ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എൻ.ഐ.ആർ.എഫ്. റാങ്കിംഗ് കൂടി പരിഗണിച്ചാണ് ഈ പദ്ധതി പ്രകാരം വിദ്യാർത്ഥികൾക്ക് ലോൺ അനുവദിക്കുന്നത്
(iv) ഈ പദ്ധതി പ്രകാരം ഈടോ ജാമ്യക്കാരനോ ഇല്ലാതെ ലോൺ ലഭിക്കും

A:-Only (i)

പ്രസ്താവന (i)

B:-Only (i) and (ii)

പ്രസ്താവന (i) & (ii)

C:-Only (ii)

പ്രസ്താവന (ii)

D:-Only (iii) and (iv)

പ്രസ്താവന (iii) & (iv)

Correct Answer:- Option-C

Question58:-Bashar al-Assad was the former president of

ബാഷർ അൽ അസദ് ഏത് രാജ്യത്തിൻറെ മുൻ പ്രസിഡൻറായിരുന്നു?

A:-Syria

സിറിയ

B:-Lebanon

ലബനൻ

C:-Egypt

ഈജിപ്ത്

D:-Jordan

ജോർദാൻ

Correct Answer:- Option-A

Question59:-Which software is used for video editing?
വീഡിയോ എഡിറ്റിംഗിനായി ഏത് സോഫ്റ്റ് വെയറാണ് ഉപയോഗിക്കുന്നത്?

A:-Google Chrome
ഗൂഗിൾ ക്രോം

B:-MS PowerPoint
എംഎസ് പവർപോയിൻറ്

C:-Adobe Premiere Pro
അഡോബി പ്രീമിയർ പ്രോ

D:-VLC Media Player
വിഎൽസി മീഡിയ പ്ലെയർ

Correct Answer:- Option-C

Question60:-What is the purpose of a router in a network?
ഒരു നെറ്റ് വർക്കിൽ റൗട്ടറിൻറെ പ്രധാന ഉപയോഗം എന്താണ്?

A:-To store data
ഡാറ്റ സൂക്ഷിക്കൽ

B:-To display web pages
വെബ് പേജുകൾ പ്രദർശിപ്പിക്കാൻ

C:-To process information
വിവരങ്ങൾ പ്രോസസ് ചെയ്യാൻ

D:-To connect different networks
വിവിധ നെറ്റ് വർക്കുകൾ കണക്റ്റ് ചെയ്യാൻ

Correct Answer:- Option-D

Question61:-What is an "Influencer" on social media?
സോഷ്യൽ മീഡിയയിൽ ''ഇൻഫ്ലുവൻസർ'' ആരെയാണ് വിശേഷിപ്പിക്കുന്നത്?

A:-Person who creates and shares engaging content
ആകർഷകമായ ഉള്ളടക്കം നിർമ്മിക്കുകയും പങ്കിടുകയും ചെയ്യുന്ന വ്യക്തി

B:-A social media hacker
ഒരു സോഷ്യൽ മീഡിയ ഹാക്കർ

C:-A website developer
ഒരു വെബ് സൈറ്റ് ഡെവലപ്പർ

D:-An online scammer
ഒരു ഓൺ ലൈൻ തട്ടിപ്പുകാരൻ

Correct Answer:- Option-A

Question62:-Which international regulation focuses on data protection and privacy in the European Union?
യൂറോപ്യൻ യൂണിയനിലെ ഡാറ്റ സംരക്ഷണവും സ്വകാര്യതയും ശ്രദ്ധയിലാക്കുന്ന അന്താരാഷ്ട്ര നിയമം ഏതാണ്?

A:-HIPAA
HIPAA

B:-GDPR
GDPR

C:-CCPA
CCPA

D:-SOX
SOX

Correct Answer:- Option-B

Question63:-Which company recently announced its latest AI model, Gemini 1.5, aimed at competing with OpenAI's ChatGPT-4?
ഏതാണ് OpenAI യുടെ ChatGPT-4 നെതിരെ മത്സരിക്കാനുള്ള ഏറ്റവും പുതിയ AI മോഡൽ Gemini 1.5 അടുത്തിടെ പ്രഖ്യാപിച്ച കമ്പനി

A:-Microsoft
മൈക്രോസോഫ്റ്റ്

B:-Google DeepMind
ഗൂഗിൾ ഡീപ്പ്മൈൻഡ്

C:-Meta
മേറ്റ

D:-Amazon
ആമസോൺ

Correct Answer:- Option-B

Question64:-The main objective of Right to Information Act is
വിവരാവകാശ നിയമം, 2005 ൻറെ പ്രധാന ഉദ്ദേശ്യം

A:-Empowerment of Citizens
ജനങ്ങളുടെ ശാക്തീകരണം

B:-Transparency and Accountability
സുതാര്യവും ഉത്തരവാദിത്തവും

C:-Combating Corruption
അഴിമതി വിരുദ്ധ നയം

D:-All the above
മുകളിൽ പറഞ്ഞ എല്ലാം

Correct Answer:- Option-D

Question65:-What is Unfair Trade Practices under Consumer Protection Act, 2019?
ഉപഭോക്തൃസംരക്ഷണ നിയമം, 2019 പ്രകാരം അധാർമ്മിക വ്യാപാര രീതി എന്നാൽ എന്താണ്?

A:-Manufacturing spurious goods or providing defective services
വ്യാജചരക്കുകൾ ഉത്പാദിപ്പിക്കുകയോ വികലമായ ഉൽപ്പന്നം വില്പന നടത്തുകയോ ചെയ്യുക

B:-Disclosing the personal information of the consumer
ഉപഭോക്താവിൻറെ  പേരു വിവരങ്ങൾ അവരുടെ അനുവാദം ഇല്ലാതെ വെളിപ്പെടുത്തുക

C:-All the above
മുകളിൽ പറഞ്ഞത് എല്ലാം

D:-None of the above
മുകളിൽ പറഞ്ഞത് എല്ലാം തെറ്റാണ്

Correct Answer:- Option-C

Question66:-Who is having the power to issue adoption orders as per Juvenile Justice (Care and Protection of Children) Amendment Act, 2021?
Juvenile Justice (Care and Protection of Children) Amendment Act, 2021 പ്രകാരം ആർക്കാണ് adoption ഉത്തരവ് പറയാനുള്ള അധികാരം ഉള്ളത്?

A:-District Magistrate
ജില്ലാ മജിസ്ട്രേറ്റ്

B:-Probationary Officer
പ്രൊബേഷണറി ഓഫീസർ

C:-Judge of High Court
High court ലെ ജഡ്ജി

D:-Gramanyayalaya
ഗ്രാമന്യായാലയ

Correct Answer:- Option-A

Question67:-Which section of IPC has been declared as unconstitutional by Supreme Court to protect the right of transgender?
IPCയിലെ ഏത് Section ആണ് ബഹുമാനപ്പെട്ട സുപ്രീംകോടതി ഭിന്നലിംഗക്കാരുടെ അവകാശവുമായി ബന്ധപ്പെട്ട ഭരണഘടന വിരുദ്ധമെന്ന് അഭിപ്രായപ്പെട്ടത്?

A:-Section 123
സെക്ഷൻ 123

B:-Section 377
സെക്ഷൻ 377

C:-Section 382
സെക്ഷൻ 382

D:-Section 304
സെക്ഷൻ 304

Correct Answer:- Option-B

Question68:-Which section of BSA covers the provision of presumption of dowry death?
BSA യിലെ ഏത് സെക്ഷൻ ആണ് സ്ത്രീധന മരണമാണ് എന്ന് അനുമാനത്തിലേക്ക് എത്താൻ സഹായിക്കുന്നത്?

A:-S. 115 BSA
സെ. 115 BSA

B:-S. 100 BSA
സെ. 100 BSA

C:-S. 118 BSA
സെ. 118 BSA

D:-None of the above
മുകളിൽ പറഞ്ഞവ ഒന്നുമല്ല

Correct Answer:- Option-C

Question69:-The Sexual Harassment of Women at Workplace (Prevention, Prohibition and Redressal) Act, 2013 deal with
ജോലി സ്ഥലത്തെ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ, 2013 എന്തിനെ കുറിച്ചാണ് പരാമർശിക്കുന്നത്?

A:-provide leisure time to women during working hours
സ്ത്രീകൾക്ക് ജോലി സമയത്ത് ഇടവേള അനുവദിക്കുക

B:-provide wages to women
സ്ത്രീകൾക്ക് വേതനം ലഭ്യമാക്കുക

C:-none of the above
മുകളിൽ പറഞ്ഞത് അല്ല

D:-creation of Internal Complaints Committee to address complaints of Sexual Harassment
സ്ത്രീകൾക്കെതിരെയുള്ള ശാരീരിക ആക്രമണങ്ങൾക്കെതിരെയുള്ള പരാതി സ്വീകരിക്കുന്നതിന് ICC രൂപീകരിക്കുക

Correct Answer:- Option-D

Question70:-Which section of The Right of Persons with Disabilities Act, 2016 deal with intentionally insulting or intimedating with intent to humiliate a person with disability within public view?
ഭിന്നശേഷിക്കാരായ ഒരു വ്യക്തിയെ പൊതുസ്ഥലത്ത് കളിയാക്കുകയോ വ്യക്തിഹത്യയോ ചെയ്യുന്നത് കുറ്റകരമാണെന്ന് ഭിന്നശേഷി അവകാശ നിയമത്തിൻറെ ഏത് section ൽ ആണ് പരാമർശിക്കുന്നത്?

A:-S. 90
സെ. 90

B:-S. 87
സെ. 87

C:-S. 92
സെ. 92

D:-S. 104
സെ. 104

Correct Answer:- Option-C

Question71:-The 21st term of an AP is thrice its 7th term. If 9th term is 18 what is the 64th term?
ഒരു എ.പി.യുടെ 21-ാമത്തെ പദം അതിൻറെ ഏഴാമത്തെ പദത്തിൻറെ മൂന്നിരട്ടിയാണ്. 9-ാമത്തെ പദം 18 ആണെങ്കിൽ 64-ാമത്തെ പദം എന്താണ്?

A:-125
125

B:-127
127

C:-128
128

D:-130
130

Correct Answer:- Option-C

Question72:-In some coding language MOBILE is coded as QSFMPI, then how is PHONE coded?
ചില കോഡിംഗ് ഭാഷയിൽ MOBILE എന്നത് QSFMPI ആയി കോഡ് ചെയ്തിരിക്കുന്നു. അതേ ഭാഷയിൽ എങ്ങനെയാണ് PHONE കോഡ് ചെയ്യുന്നത്?

A:-UMSQI
UMSQI

B:-TLSRI
TLSRI

C:-MUSRI
MUSRI

D:-TKSQI
TKSQI

Correct Answer:- Option-B

Question73:-Arun, Varun and Kiran goes to school by walking. Each of their steps measure 55 cm, 60 cm, 65 cm respectively. If each of them step together, what is the minimum distance each should walk so that they can cover the distance in complete steps?
അരുൺ, വരുൺ, കിരൺ എന്നിവർ നടന്നാണ് പോകുന്നത്. അവരുടെ ഓരോ ചുവടും യഥാക്രമം 55 സെ.മീ., 60 സെ.മീ., 65 സെ.മീ. അവർ ഒരുമിച്ച് ചുവടുവെച്ചാൽ, പൂർണ്ണ ചുവടുകളിലൂടെ ദൂരം മറികടക്കാൻ ഓരോരുത്തരും നടക്കേണ്ട ഏറ്റവും കുറഞ്ഞ ദൂരം എന്താണ്?

A:-85 m 80 cm
85 മീ. 80 സെ.മീ.

B:-21 m 45 cm
21 മീ. 45 സെ.മീ.

C:-2145 m
2145 മീ.

D:-8580 m
8580 മീ.

Correct Answer:- Option-A

Question74:-A bus started from a bus depot when depot clock was showing 1.00 pm. When the bus reached the last bus stop, the clock at the last bus stop was showing 1.45 pm. After taking a rest of 30 minutes, the bus returned back to the bus depot by a different route of length 1.5 times the first route at a rate twice as fast reaching the bus depot at 2.30 pm. As compared to the clock at the bus depot, the clock at the last bus stop is
ഡിപ്പോയിലെ ക്ലോക്ക് ഉച്ചയ്ക്ക് 1.00 കാണിക്കുമ്പോൾ ഒരു ബസ് ഡിപ്പോയിൽ നിന്ന് പുറപ്പെട്ടു. ബസ് അവസാന ബസ് സ്റ്റോപ്പിൽ എത്തിയപ്പോൾ, അവസാന ബസ് സ്റ്റോപ്പിലെ ക്ലോക്ക് ഉച്ചയ്ക്ക് 1.45 ആയിരുന്നു. 30 മിനിറ്റ് വിശ്രമിച്ച ശേഷം ബസ് ആദ്യ റൂട്ടിൻറെ 1.5 മടങ്ങ് ദൈർഘ്യമുള്ള മറ്റൊരു റൂട്ടിലൂടെ ബസ് ഡിപ്പോയിലേക്ക് മടങ്ങി, ഉച്ചയ്ക്ക് 2.30 ന് ബസ് ഡിപ്പോയിൽ എത്തി. ബസ് ഡിപ്പോയിലെ ക്ലോക്കിനെ അപേക്ഷിച്ച്, അവസാന ബസ് സ്റ്റോപ്പിലെ ക്ലോക്ക്

A:-10 minutes fast
10 മിനിറ്റ് മുന്നിൽ

B:-10 minutes slow
10 മിനിറ്റ് പിന്നിൽ

C:-15 minutes fast
15 മിനിറ്റ് മുന്നിൽ

D:-15 minutes slow
15 മിനിറ്റ് പിറകിൽ

Correct Answer:-Question Cancelled

Question75:-Aravind deposited an amount of Rs. 640 in a Bank. Due to some emergency he withdrawned the amount after 2 years 8 months and he received Rs. 844 and 80 paise from the bank. What is the rate of interest if the bank has simple rate of interest?

അരവിന്ദ് ഒരു ബാങ്കിൽ 640 രൂപ നിക്ഷേപിച്ചു. ഏതോ അടിയന്തര സാഹചര്യം കാരണം 2 വർഷവും 8 മാസവും കഴിഞ്ഞ് അദ്ദേഹം ആ തുക പിൻവലിച്ചു. ബാങ്കിൽ നിന്ന് അദ്ദേഹത്തിന് 844 രൂപയും 80 പൈസയും ലഭിച്ചു. ബാങ്കിന് സാധാരണ പലിശ നിരക്ക് ആണെങ്കിൽ പലിശ നിരക്ക് എത്രയാണ്?

A:-10%
10%

B:-11%
11%

C:-12%
12%

D:-13%
13%

Correct Answer:- Option-C

Question76:-Akbar travels 10 km north then turns east and travels 7 km, then turns south and travels for 14 km then turns to the right and travels 4 km. What is the distance from his starting position to the finishing position?
അക്ബർ 10 കിലോമീറ്റർ വടക്കോട്ട് സഞ്ചരിച്ച് കിഴക്കോട്ട് തിരിഞ്ഞ് 7 കിലോമീറ്റർ സഞ്ചരിച്ച്, പിന്നീട് തെക്കോട്ട് തിരിഞ്ഞ് 14 കിലോമീറ്റർ സഞ്ചരിച്ച് വലത്തേക്ക് തിരിഞ്ഞ് 4 കിലോമീറ്റർ സഞ്ചരിച്ചു. അക്ബറിൻറെ ആരംഭ സ്ഥാനത്ത് നിന്ന് ഫിനിഷിംഗ് സ്ഥാനത്തേക്കുള്ള ദൂരം എത്രയാണ്?

A:-3 km
3 കി.മീ.

B:-4 km
4 കി.മീ.

C:-5 km
5 കി.മീ.

D:-7 km
7 കി.മീ.

Correct Answer:- Option-C

Question77:-The next term of the sequence -2, 2, 8, 16, 26, ____, .....
ശ്രേണിയിലെ അടുത്ത പദം -2, 2, 8, 16, 26, ____, ......

A:-36
36

B:-38
38

C:-40
40

D:-42
42

Correct Answer:- Option-B

Question78:-In the sequence of symbols @ + × – + × % – + × @ + –, how many +'s are there which are not immediately preceded by – and immediately succeeded by ×?
@ + × – + × % – + × @ + – എന്ന ചിഹ്നങ്ങളുടെ ശ്രേണിയിൽ, - കൊണ്ട് തൊട്ടുമുമ്പ് വരാത്തതും × കൊണ്ട് തൊട്ടുപിന്നാലെ വരാത്തതുമായ എത്ര + കൾ ഉണ്ട്?

A:-4
4

B:-3
3

C:-2
2

D:-1
1

Correct Answer:-Question Cancelled

Question79:-If + means ÷,– means ×,× means + and ÷ means –, then the value of 7+7×7–7÷7+7×7÷7–7 is
+ എന്നാൽ ÷, – എന്നാൽ ×, × എന്നാൽ +,  ÷ എന്നാൽ – എന്നിവയാണെങ്കിൽ
7+7×7–7÷7+7×7÷7–7 ന്റെ മൂല്യം

A:-7
7

B:-41
41

C:-49
49

D:-55
55

Correct Answer:- Option-A

Question80:-Mark and Antony work in an IT firm. Mark is twice efficient as Antony in doing a job and takes 30 days less than Antony for doing a programming job. Find the time in which Mark and Antony can do it together.
മാർക്കും ആന്റണിയും ഒരു ഐടി സ്ഥാപനത്തിലാണ് ജോലി ചെയ്യുന്നത്. ഒരു ജോലി ചെയ്യുന്നതിൽ മാർക്ക് ആന്റണിയേക്കാൾ ഇരട്ടി കാര്യക്ഷമതയുള്ളവനാണ്, കൂടാതെ ഒരു പ്രോഗ്രാമിംഗ് ജോലി ചെയ്യാൻ ആന്റണിയേക്കാൾ 30 ദിവസം കുറവ് എടുക്കുന്നു. മാർക്കും ആന്റണിയും ഒരുമിച്ച്  ആ ജോലി ചെയ്യാൻ കഴിയുന്ന സമയം കണ്ടെത്തുക

A:-30 days
30 ദിവസം

B:-25 days
25 ദിവസം

C:-22 days
22 ദിവസം

D:-20 days
20 ദിവസം

Correct Answer:- Option-D

Question81:-Choose the correct passive form of the sentence, 'Clean the room' from the following options

A:-The room shall be clean

B:-Let the room cleaned

C:-Let the room be clean

D:-Let the room be cleaned

Correct Answer:- Option-D

Question82:-Identify the correct sentence

A:-He didn't see her coming

B:-He hasn't saw her come

C:-He was seen her came

D:-He saw her came

Correct Answer:- Option-A

Question83:-Fill in the blanks with the correct choice from the option below :
Do you mind _________ the door?

A:-To close

B:-To have closed

C:-Closed

D:-Closing

Correct Answer:- Option-D

Question84:-Identify the error in the given sentence from the options below :
If you have made the cake I would have appreciated

A:-Have

B:-Made

C:-Would

D:-Appreciated

Correct Answer:- Option-A

Question85:-Knucklehead is a slang for

A:-Coward

B:-Shy person

C:-Foolish person

D:-Crooked one

Correct Answer:- Option-C

Question86:-Complete the sentence using any one of the suitable options given below :
Yesterday I felt very tired as _________.

A:-I was feeling a bit under the weather

B:-I turned a blind eye

C:-Beating around the bush

D:-I have got it in the bag

Correct Answer:- Option-A

Question87:-Complete the sentence by choosing the appropriate one from the abbreviations given below :
I had a ________ when the crowd at the fair increased.

A:-LDK

B:-ICL

C:-FOMO

D:-BRB

Correct Answer:- Option-C

Question88:-Identify the error in the given sentence from the following options :
She was complemented on her success at the intercollegiate quiz festival held yesterday at the college auditorium.

A:-On

B:-Complemented

C:-Held

D:-Auditorium

Correct Answer:- Option-B

Question89:-Fill in the blank using the correct phrasal verb given as options.
She decided to __________ the topic in the next meeting.

A:-Bring up

B:-Pass out

C:-Get along

D:-Run into

Correct Answer:- Option-A

Question90:-Choose the meaning of the word in bold in the given sentence from the options which follow :
People believed that democracy is the **panacea** for the humanity as a whole.

A:-Source of all problems

B:-Solution for all problems

C:-Condition leading to prosperity

D:-Plan of action

Correct Answer:- Option-B

Question91:-ശരിയായ രൂപമേത്?

A:-യദേഷ്ടം

B:-യധേഷ്ടം

C:-യഥേഷ്ടം

D:-യധേഷ്ഠം

Correct Answer:- Option-C

Question92:-'പ്രതിരോധം' എന്ന വാക്കിൻറെ വിപരീതപദം

A:-വിരോധം

B:-രോധം

C:-സംയോഗം

D:-അനുരോധം

Correct Answer:- Option-D

Question93:-'ദീപാളി കുളിക്കുക' എന്ന ശൈലിയുടെ അർത്ഥമെന്ത്?

A:-ആഘോഷിക്കുക

B:-പുറത്താക്കുക

C:-ദുർവ്യയം ചെയ്യുക

D:-ചതിക്കുക

Correct Answer:- Option-C

Question94:-'Reprimand' എന്ന ഇംഗ്ലീഷ് വാക്കിന് തുല്യമായ മലയാളപദം

A:-ആദരം

B:-അനുവാദം

C:-ഓർമ്മപ്പെടുത്തൽ

D:-താക്കീത്

Correct Answer:- Option-D

Question95:-'അനുചിതം' എന്ന വാക്കിൻറെ അർത്ഥമെന്ത്?

A:-ഉചിതമായത്

B:-അനുയോജ്യമായത്

C:-ഉചിതമല്ലാത്തത്

D:-പ്രിയപ്പെട്ടത്

Correct Answer:- Option-C

Question96:-'ആന' എന്ന പദത്തിൻറെ പര്യായം

A:-വൃത്രാരി

B:-അടവി

C:-അജകം

D:-വാരണം

Correct Answer:- Option-D

Question97:-'മേദിനി' എന്ന വാക്കിൻറെ അർത്ഥം

A:-സുന്ദരി

B:-ഭൂമി

C:-നദി

D:-രാത്രി

Correct Answer:- Option-B

Question98:-താഴെക്കൊടുത്തവയിൽ ശരിയായ വാക്യമേത്?

A:-നാം കഴിക്കുന്ന ആഹാരത്തിൽ മറ്റു വിഷാംശങ്ങൾ കലരാതെ സൂക്ഷിക്കണം

B:-നാം കഴിക്കുന്ന ആഹാരം മറ്റു വിഷാംശങ്ങൾ കലരാതെ സൂക്ഷിക്കണം

C:-നാം കഴിക്കുന്ന ആഹാരത്തിൽ  വിഷാംശങ്ങൾ കലരാതെ സൂക്ഷിക്കണം

D:-നാം കഴിക്കുന്ന ആഹാരത്തിൽ  വിഷാംശങ്ങൾ കലരാതെ നാം സൂക്ഷിക്കണം

Correct Answer:- Option-C

Question99:-'വിദ്യുച്ഛക്തി' എന്ന പദം പിരിച്ചെഴുതുന്നത്

A:-വിദ്യു + ശക്തി

B:-വിദ്യുദ് + ശക്തി

C:-വിദ്യു: + ശക്തി

D:-വിദ്യുത് + ശക്തി

Correct Answer:- Option-D

Question100:-'പ്രതിദിനം' എന്ന സമാസരൂപത്തിൻറെ വിഗ്രഹാർത്ഥമെന്ത്?

A:-ദിനങ്ങൾക്ക് ശേഷം

B:-കഴിഞ്ഞ ദിനം

C:-ദിനംതോറും

D:-അതേദിനം

Correct Answer:- Option-C